# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 29 07.08.2017 ൽ മറുപടിനൽകേണ്ടിയിരുന്നത്

## മന്ത്രിസഭയിൽ നിന്ന് രാജിവച്ച മന്ത്രിമാർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. വി.ഡി. സതീശൻ** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മന്ത്രിസഭയിൽ നിന്ന് എത്ര മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | നിലവിലെ മന്ത്രിസഭയിൽ നിന്നും രണ്ട് മന്ത്രിമാർ രാജിവയ്ക്കുകയുണ്ടായി.<br><br>1. ശ്രീ. ഇ.പി. ജയരാജൻ<br>2. ശ്രീ. എ.കെ. ശശീന്ദ്രൻ |
| (ബി) | ഇവർ രാജി വയ്ക്കുവാനുണ്ടായ കാരണങ്ങളും സാഹചര്യങ്ങളും വിശദീകരിക്കുമോ; | (ബി) | പൊതുമേഖലാ സ്ഥാപനത്തിലേയ്ക്കുള്ള നിയമനത്തിൽ ക്രമക്കേട് ഉണ്ട് എന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിൽ ശ്രീ. ഇ.പി.ജയരാജനും, ഒരു സ്വകാര്യ ടെലിവിഷൻ പുറത്തുവിട്ട ശബ്ദരേഖയെ സംബന്ധിച്ചുണ്ടായ ആരോപണത്തെ തുടർന്ന് ശ്രീ. എ. കെ. ശശീന്ദ്രനും മന്ത്രിസഭയിൽ നിന്ന് രാജിവയ്ക്കുകയുണ്ടായി. |
| (സി) | രാജിക്ക് കാരണങ്ങളായ വിഷയങ്ങളെക്കുറിച്ച് ഏതെല്ലാം തരത്തിലുള്ള അന്വേഷണങ്ങളാണ് നടക്കുന്നതെന്നും അന്വേഷണങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ? | (സി) | ശ്രീ. ഇ.പി. ജയരാജന് എതിരെ സത്വരാന്വേഷണം നടത്തുകയും തുടർന്ന് വിജിലൻസ് കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. ഇ.പി. ജയരാജൻ ഫയൽ ചെയ്ത സി.എം.സി 2839/17 ലെ ഉത്തരവ് പ്രകാരം ടി കേസ് നിലവിൽ കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.<br>ശ്രീ. എ.കെ. ശശീന്ദ്രന്റെ രാജിക്ക് കാരണമായ 2017 മാർച്ച് 26 ന് മംഗളം ടെലിവിഷൻ ചാനലിൽ സംപ്രേഷണം ചെയ്ത വാർത്തയെ കുറിച്ച് അന്വേഷിച്ച് മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റിട്ട. ജില്ലാ ജഡ്ജി ശ്രീ. പി.എസ്. ആന്റണിയെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ കാലാവധി 2017 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.<br>ശ്രീ. എ.കെ.ശശീന്ദ്രൻ രാജി വയ്ക്കുവാനിടയായ വിഷയവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ചിൽ രജിസ്റ്റർ ചെയ്ത 2 കേസുകൾ ക്ലബ് ചെയ്ത് സി.ബി.സി.ഐ.ഡി ഒറ്റ കേസ്സായി അന്വേഷിച്ചു വരുന്നു.ആകെ 9 പ്രതികളുള്ള കേസ്സിൽ 5 പ്രതികളെ അറസ്റ്റു ചെയ്തിട്ടുള്ളതും 4 പ്രതികൾ കോടതി മുഖാന്തിരം മുൻകൂർ ജാമ്യം നേടിയിട്ടുള്ളതുമാണ്. അന്വേഷണം പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**